*'CORRUPTION, A CRIME AGAINST NATION'*

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471-2305393**
**തീയതി: 10.11.2022**

# "കൈക്കൂലി വാങ്ങുന്നതിനിടെ അസിസ്റ്റന്റ് എഞ്ചിനീയർ വിജിലൻസ് പിടിയില് "

കൊല്ലം ജില്ലയിൽ കല്ലുവാതുക്കല് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ജോണി ബോസ്കോ 15000/- രൂപ കരാറുകാരനില് നിന്നും കൈകൂലി വാങ്ങവേ വിജിലൻസ് പിടിയിലായി. കൊല്ലം ജില്ലയിൽ അടിച്ചനല്ലൂർ സ്വദേശി ആയ വിനേഷ് എന്ന ആള് കല്ലുവാതുക്കല് പഞ്ചായത്തിലെ വിവിധ റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 25 ലക്ഷം രൂപയുടെ കരാര് എടുത്തിട്ടുണ്ട്. അതിൽ മൂന്ന് റോഡ്കളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പൂർത്തിയായ പ്രസ്തുത റോഡ്കളുടെ 12 ലക്ഷം രൂപയുടെ ബില്ലുകള് പാസാക്കുന്നതിലേക്കായി കരാറുകാരന്റെ അളിയൻ ശ്രീ. സജയന് ഓഫീസിലെത്തി തിരക്കിയപ്പോള് അജയനോട് അസിസ്റ്റന്റ് എഞ്ചിനീയര് ജോണി ബോസ്കോ ബില്ലുകളുടെ 2% തുക കൈക്കൂലി ആയി നൽകണമെന്നും അതിന്റെ ആദ്യ ഗടു ആയി 15000/- രൂപ നൽകണമെന്നും അല്ലാത്ത പക്ഷം ബില്ലുകള് പാസ്സാക്കാൻ കാലതാമസം ഉണ്ടാകുമെന്ന് പറഞ്ഞു. വിവിധ കരാർ പണികള് നടത്തിയ വകയിൽ ഏകദേശം ഒരു കോടിയോളം രൂപ കിട്ടുവാന് ഉണ്ട് എന്നും കടം വാങ്ങിയാണ് ഇപ്പോൾ ജീവിക്കുന്നതെന്നും അറിയിച്ചിട്ടും അസിസ്റ്റന്റ് എഞ്ചിനീയർ വഴങ്ങിയില്ല. പകരം പണവുമായി ഓഫീസില് എത്താൻ ആവശ്യപ്പെടുകയായിരുന്നു. ശ്രീ. സജയന് ഇക്കാര്യം കൊല്ലം വിജിലൻസ് യുണിറ്റ്ന്റെ ചാർജ്ജ് വഹിക്കുന്ന ഡെപ്പ്യുട്ടി സൂപ്രണ്ട് ശ്രീഹരി വിദ്യാധരനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തില് കെണി ഒരുക്കി ഇന്ന് (10.11.2022) ഒരു മണിയോടെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് 15000/- രൂപ കൈകൂലി വാങ്ങവേ

വിജിലൻസ് സംഘം അസിസ്റ്റന്റ് എഞ്ചിനീയര് ജോണി ബോസ്കോ യെ കയ്യോടെ പിടികൂടുകയായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലന്സ് കോടതി മുമ്പാകെ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ശ്രീ.ഹരി വിദ്യാധരനെ കൂടാതെ ഇൻസ്പെക്ടർ ആയ ശ്രീ. ജോഷി. വി. ജയകുമാർ, സബ് ഇൻസ്പെക്ടർമാരായ പി. കെ. രാജേഷ്, സജീവ് ,അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, സീനിയർ സിവിൽപോലീസ് ഓഫീസർമാരായ അജീഷ്, ദീപൽ, ശരത്, ഷിബു സ്കറിയ, നവാസ്, ഗോപകുമാർ വനിതാ സിവില് പോലീസ് ഓഫീസര് അമ്പിളി ഡ്രൈവർ ശിവരാമൻ, സാഗർ എന്നിവരടങ്ങിയ സംഘമാണ്പ്രതിയെ അറസ്റ്റ് ചെയ്തത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോഅറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.